# അനിൽ അഗർവാൾ വിടവാങ്ങി



പരിസ്ഥിതിയുടെ ആരോഗ്യം അനുനിമിഷം കുറഞ്ഞു വരുന്നുവെന്ന് സമൂഹത്തെ ഓർമ്മിപ്പിച്ചു കൊണ്ട് നിരന്തരം എഴുതുകയും പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിരുന്ന അനിൽ അഗർവാൾ (54) അന്തരിച്ചു. കാൻസർ ബാധിതനായി ചികിത്സയിലായിരുന്നു. ഡൗൺ ടു എർത്ത് മാസികയുടെ പത്രാധിപരായിരുന്ന അനിൽ അഗർവാൾ, പരിസ്ഥിതിയെ മറന്നു കൊണ്ടുള്ള അന്ധമായ വികസനം ഭൂമിയുടെ നാശത്തിനിടവരുത്തുമെന്ന് എപ്പോഴും ഉദ്ബോധിപ്പിച്ചിരുന്നു. വികസനമെന്നത് സമ്പന്നന്റേതല്ല ഭൂരിപക്ഷം വരുന്ന പാവപ്പെട്ടവന്റേതാണെന്ന് പ്രഖ്യാപിച്ച അദ്ദേഹം പരിസ്ഥിതി പ്രവർത്തനം സമ്പന്നരുടെ നേരം പോക്കല്ലെന്നും എഴുതി.

പരിഹരിക്കാൻ വെള്ളക്കൊയ്ത്ത് (വാട്ടർ ഹാർവെസ്റ്റിങ്ങ്) എന്ന ആശയത്തിന് ഇന്ത്യയിൽ പ്രചാരം നൽകിയവരിൽ പ്രമുഖനായിരുന്നു അഗർവാൾ. ദില്ലിയിലെ അന്തരീക്ഷമലിനീകരണം കുറക്കാൻ പരിസ്ഥിതിക്കിണങ്ങുന്ന സി. എൻ. ജി. വാഹനങ്ങൾ നിർദ്ദേശിച്ചതും ദില്ലിയിൽ വാഹനങ്ങളുടെ പുകമൂലം ഏഴിൽ ഒരാൾ കാൻസർ രോഗിയാകുമെന്ന് ശ്രദ്ധയിൽപ്പെടുത്തിയും ഇദ്ദേഹമായിരുന്നു.

പത്മഭൂഷൺ ബഹുമതി നേടിയിട്ടുള്ള അനിൽ അഗർവാൾ അനേകം പുസ്തകങ്ങളും രചിച്ചിട്ടുണ്ട്.